# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:*124 02.07.2015-ൽ മറുപടിയ്ക്ക്

## പാഠപുസ്തകങ്ങളുടെ അച്ചടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീമതി.ജമീലാ പ്രകാശം<br>ശ്രീ.മാത്യു റ്റി.തോമസ്<br>ശ്രീ.സി.കെ.നാണു | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സർക്കാർ അച്ചടിശാലകളിൽ ഈ അദ്ധ്യയന വർഷത്തേക്കുള്ള എത്ര പാഠപുസ്തകങ്ങളാണ് അച്ചടിക്കാൻ ലഭ്യമായിട്ടുള്ളത് : | (എ) | 2015-16 അദ്ധ്യയനവർഷം 3,73,15,500 പാഠപുസ്തകങ്ങളുടെ അച്ചടി നടത്തുന്നതിനായി 10.02.2015-ൽ കെ.ബി.പി.എസിന് പ്രിന്റ് ഓർഡർ നല്കിയിരുന്നു. 2,33,26,800 പുസ്തകങ്ങൾ Vol I ആയും 1,39,88,700 പുസ്തകങ്ങൾ Vol II ആയും അച്ചടിക്കുന്നതിനാണ് നിർദ്ദേശം നല്കിയിരുന്നത്. ഇതിൽ 6038200 Vol I പാഠപുസ്തകങ്ങൾ സർക്കാർ പ്രസ്സിൽ അച്ചടിക്കുന്നതിനായി കെ.ബി.പി.എസ്, സർക്കാർ പ്രസ്സിന് കൈമാറി നല്കിയിരുന്നു. ആയതിൽ 12,07,500 പാഠപുസ്തകങ്ങൾ സർക്കാർ പ്രസ്സ് അച്ചടിച്ച് നല്കിയിട്ടുണ്ട്. അച്ചടിപൂർത്തികരിക്കേണ്ട ബാക്കി പാഠപുസ്തകങ്ങൾ അച്ചടിച്ച് നൽകുന്നതിനായി കെ.ബി.പി.എസിനെ ഏല്പിച്ചിട്ടുണ്ട്. പ്ലസ്-1 ന് 1019509 പുസ്തകങ്ങളും പ്ലസ്-2-ന് 1284434 പുസ്തകങ്ങളും ആണ് അച്ചടിയ്ക്കാൻ സി-ആപ്റ്റിന് ലഭ്യമായിട്ടുള്ളത്. |
| ബി) പാഠപുസ്തകങ്ങളുടെ അച്ചടിക്കായിട്ടുള്ള ഉത്തരവ് എന്നാണ് നൽകിയതെന്നും അച്ചടിയുടെ പുരോഗതി എന്തെന്നും വ്യക്തമാക്കാമോ? | (ബി) | 1,3,5,7,9,10 ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള ടെന്റേറ്റീവ് പ്രിന്റ് ഓർഡർ 28.10.2014 ന് കെ.ബി.പി.എസിന് നല്കിയിരുന്നു. 2,4,6,8 ക്ലാസ്സുകളിലുൾപ്പെടെ എല്ലാ ക്ലാസ്സുകളിലെയും ഫൈനൽ പ്രിന്റ് ഓർഡർ 10.02.2015-ലും കെ.ബി.പി.എസിന് നൽകിയിരുന്നു. |

25.06.2015- ലെ കെ.ബി.പി.എസ് എംഡിയുടെ റിപ്പോർട്ടുപ്രകാരം 1,77,79,600 Volume I പാഠപുസ്തകത്തിന്റെ അച്ചടി പൂർത്തായായിട്ടുണ്ട്. ഗവൺമെന്റ് പ്രസ്സിൽ 12,07,500 കോപ്പി Vol 1 പാഠപുസ്തകവും അച്ചടിച്ചിട്ടുണ്ട്. ശേഷിക്കുന്ന പാഠപുസ്തകങ്ങളുടെ അച്ചടി ത്വരിതഗതിയിൽ നടന്നുവരുന്നു. ഹയർസെക്കന്ററി പാഠപുസ്തകം അച്ചടിക്കുന്നതിനുള്ള ഉത്തരവ് ഹയർസെക്കന്ററി ഡയറക്ടറിൽ നിന്നും സി-ആപ്റ്റിന് ലഭിച്ചത് 26.02.2015 തീയതിയിലാണ്. പ്ലസ്സ്-2 ക്ലാസ്സിൽ ആദ്യ ഘട്ടത്തിൽ ആവശ്യമായ പാഠപുസ്തകങ്ങളുടെ വിതരണം 95 ശതമാനം പൂർത്തിയായിട്ടുണ്ട്. പ്ലസ്-1 ക്ലാസ്സിലെ പാഠപുസ്തകം 75 ശതമാനം വിതരണം പൂർത്തിയായിട്ടുണ്ട്. പ്ലസ്-1 ക്ലാസ്സ് ആരംഭിക്കുന്നതിന് മുമ്പ് അവശേഷിക്കുന്നവ വിതരണം പൂർത്തിയാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ